**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 572** **23-07-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ . മുഹമ്മദ് മുഹസിൻ പി .** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി മുൻ സർക്കാർ തുടങ്ങിവച്ച പരിപാടികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (ബി) | ഉണ്ട്. മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ അനുബന്ധം - 1 ആയി ചേർക്കുന്നു. |
| (സി) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം പുതിയ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി നടപ്പു വർഷം Sea Safety Equipments to traditional Fishermen എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1000 വീതം GPS, VHF radio എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള പദ്ധതിയുടെ നടപടികൾ e-tender ഘട്ടത്തിലാണ്. 2019-20 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം ബേപ്പൂർ പുതിയാപ്പ, നീണ്ടകര, മുനമ്പം ഫിഷിംഗ് ഹാർബറുകളിൽ കെൽട്രോൺ മുഖേന CCTV സ്ഥാപിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തെ ടി പദ്ധതി പ്രകാരം ശക്തികുളങ്ങര, വിഴിഞ്ഞം, പൊന്നാനി ഫിഷിംഗ് ഹാർബറുകളിൽ കെൽട്രോൺ മുഖേന CCTV സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതി പ്രകാരം നടപ്പു വർഷം അഴീക്കൽ, മാപ്പിളബേ, മാടാക്കര എന്നീ ഫിഷിംഗ് ഹാർബറുകളിൽ CCTV സ്ഥാപിക്കുന്നതിനും അതോടൊപ്പം വിഴിഞ്ഞം, നീണ്ടകര, മുനമ്പം, പൊന്നാനി, ബേപ്പൂർ എന്നീ ഫിഷിംഗ് ഹാർബറുകളിൽ Electronic Display Board സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം പരിഗണനയിൽ ആണ്. BSNL ഉം SKYLO Tech India Ltd. ഉം സംയുക്തമായി വികസിപ്പിച്ചെടുത്ത BSNL |

| | | | |
|---|---|---|---|
| | | | SKYLO Transponder എന്ന ഉപകരണം 9 തീരദേശ ജില്ലകളിലെ 200 യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റമായി ഘടിപ്പിക്കുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | മറൈൻ ആംബുലൻസുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ; | (ഡി) | മൂന്ന് മറൈൻ ആംബുലൻസുകളിൽ ആദ്യത്തേത് പ്രതീക്ഷ) 27.08.2020-ന് കമ്മീഷൻ ചെയ്ത് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തന സജ്ജമായിട്ടുണ്ട്. ബാക്കി രണ്ടെണ്ണം (പ്രത്യാശ, കാരുണ്യ) എന്നിവ 28.01.2021-ന് കമ്മീഷൻ ചെയ്യുകയും യഥാക്രമം എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചു വരികയുമാണ്. |
| (ഇ) | പുറം കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടഘട്ടങ്ങളിൽ അധികാരികളുമായി ബന്ധപ്പെടാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (ഇ) | ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് മറ്റുള്ളവരുമായി ബന്ധപ്പെടുന്നതിന് യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 168 സാറ്റലൈറ്റ് ഫോൺ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം പുറം കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് അപകടഘട്ടങ്ങളിൽ അധികാരികളുമായി ബന്ധപ്പെടാൻ VHF radio നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. BSNL ഉം SKYLO Tech India Ltd. ഉം സംയുക്തമായി വികസിപ്പിച്ചെടുത്ത BSNL SKYLO Transponder എന്ന ഉപകരണം 9 തീരദേശ ജില്ലകളിലെ 200 യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിൽ വെസ്സൽ മോണിറ്ററിംഗ് സിസ്റ്റമായി ഘടിപ്പിക്കുന്ന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | മത്സ്യത്തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നിലവിലുണ്ടോ; വിശദമാക്കാമോ? | (എഫ്) | ഉണ്ട്. അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

അപകട ഇൻഷ്വറൻസ് തുക 5 ലക്ഷത്തിൽ നിന്നും 10 ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് ജീവസന്ധാരണത്തിനും നാടിന്റെ നന്മയ്ക്കും വേണ്ടി പണിയെടുക്കുവാൻ ബാധ്യസ്ഥരായ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബഭദ്രത ഉറപ്പുവരുത്തുന്നതിനുവേണ്ടി 07.12.2007 മുതൽ മത്സ്യസുരക്ഷാ പദ്ധതിയിൻ കീഴിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. പ്രീമിയം തുക പൂർണ്ണമായും സർക്കാർ ആണ് വഹിക്കുന്നത്. 17.12.2017 മുതൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയുന്ന പ്രകാരമായിരിക്കും.

| | |
|---|---|
| അപകട മരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5,00,000/- രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 5000/- രൂപ പ്രകാരം പരമാവധി 10,000/- രൂപ |
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |
| മൃതദേഹം സംസ്കരിക്കുന്നതിനുള്ള ചെലവിന് | 2,500/- രൂപ |

നിലവിൽ 17.12.2020 മുതൽ 16.12.2021 വരെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമുള്ള അപകട ഇൻഷ്വറൻസ് പദ്ധതി പുതുക്കിയിട്ടുണ്ട്.

## അനുബന്ധം I

മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ് ജാക്കറ്റ് ധരിച്ചിരിക്കണമെന്ന നിർദ്ദേശം നൽകുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു. അടിയന്തര സാഹചര്യങ്ങളിൽ കടൽ രക്ഷാപ്രവർത്തനത്തിന് 900 മത്സ്യത്തൊളിലാളി യുവാക്കളെ തെരഞ്ഞെടുത്ത് കടൽ സുരക്ഷാ സ്ക്വാഡുകളാക്കാൻ ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ അയച്ച് പ്രത്യേക പരിശീലനം നൽകി സജ്ജമാക്കിയിട്ടുണ്ട്. ISRO യുടെ സാങ്കേതിക സഹായത്തോടെ KELTRON വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 'നാവിക്' ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, ആഴക്കടലിലേയ്ക്ക് മത്സ്യബന്ധനത്തിന് പോകുന്ന യാനങ്ങൾക്ക് സാറ്റലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി, പരമ്പരാഗത യാനങ്ങൾക്ക് സാറ്റലേറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി, പരമ്പരാഗത യാനങ്ങൾക്ക് DAT, GPS, VHF മറൈൻ റേഡിയോ, മെക്കനൈസ്ഡ് ബോട്ടുകൾക്ക് HRP (ഹോളോഗ്രാഫിക് രജ്സ്ട്രേഷൻ പ്ലേറ്റ്) VMS (വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം) എന്നിവ സർക്കാർ സബ്സിഡിയോടെ നൽകി വരുന്ന പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാക്കത്തക്കവിധം 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ് യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു പ്രവർത്തിച്ചു വരുന്നു. കേന്ദ്ര കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകളും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിൽ എത്തിച്ചുകൊടുക്കാൻ ഇൻകോയ്സിനെ (INCOIS) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നൽകി വരുന്നുണ്ട്. ഇതുകൂടാതെ കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാ സമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കാനും കടൽ രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂം വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

മത്സ്യത്തൊഴിലാളികൾ കടലിൽ പോകുമ്പോഴും തിരികെ വരുമ്പോഴും യാനത്തിന്റെയും തൊഴിലാളികളുടെയും ഉൾപ്പെടെ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള മൊബൈൽ ആപ്ലിക്കേഷൻ (സാഗര) എൻ.ഐ.സി.യുടെ സഹായത്തോടെ തയ്യാറാക്കുകയും ആയത് നടപ്പിലാക്കി വരുകയുമാണ്. ഇതിനകം 17059 യാനങ്ങൾ സാഗരയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. അടിയന്തര ഘട്ടങ്ങളിൽ തീരക്കടലിൽ മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക് കാലാവസ്ഥാ മുന്നറിയിപ്പുകൾ നൽകുവാനും സാഗരയിലൂടെ കഴിയും. 2018-19 വർഷത്തെ കടൽ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 500 എണ്ണം ജി.പി.എസ്സും 1000 എണ്ണം ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ്.കളും 132 ലൈഫ് ബോയെകളും 66 എക്കോ സൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ Sea safety Equipments to traditional fishing craft പദ്ധതി പ്രകാരം GPS-1101 എണ്ണം, DAT-64 എണ്ണം എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. നടപ്പ് വർഷത്തെ പദ്ധതി പ്രകാരം 1000 എണ്ണം വീതം GPS, VHF Radio എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള ഇ-ടെൻഡർ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.